നമ്പർ: E1-32418/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
**email: swdkerala@gmail.com**
തീയതി : 25.11.2017

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ &
അപ്പീൽ അധികാരി
സാമൂഹ്യനീതി ഡയറക്ടറേറ്റ്.

ശ്രീ. ആർ.രോഹിത്
അഡ്വക്കേറ്റ്
കോർട്ട് വ്യൂ കോംപ്ലക്സ്
കളക്ടറേറ്റ് കോട്ടയം - 686 002.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ്- വിവരാവകാശം - അപ്പീൽ അപേക്ഷ - മറുപടി നൽകുന്നത് സംബന്ധിച്ച് -

സൂചന: താങ്കളുടെ 3.11.2017 തീയതിയിലെ അപ്പീൽ അപേക്ഷ.

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരം ചുവടെ ചേർക്കുന്നു.

സാമൂഹ്യനീതി വകുപ്പിൽ 258 സി.ഡി.പി.ഒ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. വകുപ്പിന്റെ വിശേഷാൽ ചട്ടപ്രകാരം 1 : 4 അനുപാതത്തിൽ PSC മുഖാന്തിരം നേരിട്ടും, ഉദ്യോഗക്കയറ്റം മുഖേനയുമാണ് നിയമനം നടത്തുന്നത്. ഇതു പ്രകാരം 52 തസ്തികകൾ PSC മുഖാന്തിരവും 206 തസ്തികകൾ വകുപ്പിലെ ജീവനക്കാരിൽ നിന്നും ഉദ്യോഗക്കയറ്റം മുഖേനയും നിയമിയ്ക്കുന്നു. ഉദ്യോഗക്കയറ്റത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകൾ PSCയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ല.

PSC മുഖാന്തിരം നിയമം നടത്തേണ്ട 52 തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകുന്ന വേളയിൽ മാത്രമേ ഒഴിവ് PSCയ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ. 2017ൽ ഉദ്യോഗക്കയറ്റത്തിലൂടെ 48 തസ്തികകൾ നികത്തിയത് ഉദ്യോഗക്കയറ്റത്തിനായി നീക്കിവച്ചിട്ടുള്ള (206) തസ്തികയിൽ നിന്നുമാണ്. 52 തസ്തികകളിൽ PSC മുഖേന നിയമനം

പൂർത്തീകരിക്കുന്നതിന് 2 ഒഴിവുകൾ PSCയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായി ഉള്ളതിനാലാണ് ടി വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നത്.

ഈ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ രണ്ടാം അപ്പീൽ അധികാരിയായ സംസ്ഥാന വിവരാവകാശ കമ്മീഷണർക്ക് 90 ദിവസത്തിനകം അപ്പീൽ സമർപ്പിയ്ക്കാവുന്നതാണ്.

സംസ്ഥാന വിവരാവകാശ കമ്മീഷണർ
സംസ്ഥാന വിവരാവകാശ കമ്മീഷൻ (കേരളം)
തിരുവനന്തപുരം.- 695 001.

വിശ്വസ്തതയോടെ,

**ഗീത.കെ**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പലേറ്റ് അതോറിറ്റി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

db@